വനം വകുപ്പ് ഡിപ്പോകളിലെ മരം ലേലം

257 (263) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പ് ഡിപ്പോകളിലെ മരം ലേലം ഓൺലൈൻ വഴിയാക്കിയതിന്റെ ഗുണദോഷങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഓൺലൈൻ ലേല നടപടി ആരംഭിച്ചതിനുശേഷം ഇന്നേവരെ വില്പനയിൽ കുറവുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ഓൺലൈൻ രീതി പരാജയപ്പെടുത്താനുദ്ദേശിച്ചുകൊണ്ട് കടുത്ത നിബന്ധനകൾ ഏർപ്പെടുത്തി എന്ന ആക്ഷേപം സർക്കാരിനറിയുമോ എന്ന് വ്യക്തമാക്കാമോ ;

(ഡി) അനുവർത്തിച്ചുപോന്നിരുന്ന ലേലനടപടി, ഓൺലൈനിലാക്കിയപ്പോൾ കടുത്ത നിബന്ധനകൾ സാധാരണക്കാരെ ലേലത്തിൽനിന്നും അകറ്റാനിടയാക്കി യെന്നറിയുന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ ;

(ഇ) ഓൺലൈനിലൂടെയുള്ള മരംലേല നടപടി സാധാരണക്കാരെ ബുദ്ധിമുട്ടിക്കാതെ സുതാര്യവും ലളിതവുമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(എഫ്) വനം വകുപ്പിലെ ചില അധികാരികളും മരവ്യാപാരികളും തമ്മിലുള്ളതായി ആക്ഷേപിക്കപ്പെട്ട അവിശുദ്ധ ബന്ധം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇ-ലേലത്തിനായി M/s. MSTC Ltd.-യുമായി വനം വകുപ്പ് ഉണ്ടാക്കിയ 6 മാസ കാലാവധിയുള്ള കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് ഇ-ലേല വ്യവസ്ഥയുടെ ഗുണദോഷങ്ങൾ സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കുറവുണ്ടായിട്ടില്ല.

(സി) കടുത്ത നിബന്ധനകൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല. മുൻപിനാലെയുള്ള ലേല നിബന്ധനകൾ ആണ് ഇപ്പോഴും തുടർന്ന പോരുന്നത്.

(ഡി) ശരിയല്ല.

(ഇ) സുതാര്യവും ലളിതവുമായാണ് ഇ-ലേല നടപടികൾ നടത്തിവരുന്നത്. മാത്രമല്ല, ലേലം സ്ഥിരപ്പെടുത്തുന്നതിന് ഏഴ് ദിവസത്തെ സമയമാണ് പരിധിയായി നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ലേലനടപടികൾ സമയബന്ധിതമായി പൂർത്തിയാകുന്നു.

(എഫ്) അവിശുദ്ധ ബന്ധം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇ-ലേല നടപടി സുതാര്യവും ലളിതവുമായതിനാൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള അവിശുദ്ധ ബന്ധം ഉണ്ടാകുവാനുള്ള സാഹചര്യം ഒഴിവാകുകയാണ് ഉണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly